# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026

## നേതാജി ഹൈസ്കൂൾ, പ്രമാടം



# ഉള്ളടക്കം

1. സ്കൂൾ വിവരങ്ങൾ
2. ആമുഖം
3. സ്ഥിതിവിവരക്കണക്കുകൾ
4. വിദ്യാലയ മികവ്
5. നിലവിലെ അവസ്ഥ
   ഇനിയും ശ്രദ്ധ വേണ്ട കാര്യങ്ങൾ
6. പൊതുലക്ഷ്യം
7. മേഖലകൾ - പ്രവർത്തനങ്ങൾ
8. മലയാളം
9. ഇംഗ്ലീഷ്
10. ഹിന്ദി
11. ശാസ്ത്രം
12. സാമൂഹ്യശാസ്ത്രം
13. ഗണിതം
14. കലാപഠനം
15. ആരോഗ്യകായിക വിദ്യാഭ്യാസം
16. ഐ. സി. ടി

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| സ്കൂൾ കോഡ് | : | 38062 |
| സ്കൂളിന്റെ പേര് | : | നേതാജി. എച്ച്. എസ്, പ്രമാടം |
| മേൽവിലാസം | : | മല്ലശ്ശേരി പി. ഒ, പ്രമാടം |
| പിൻകോഡ് | : | 689646 |
| ഇ മെയിൽ അഡ്രസ് | : | netajihs |
| ഗ്രാമപഞ്ചായത്ത് | : | പ്രമാടം ഗ്രാമപഞ്ചായത്ത് |
| വിദ്യാഭ്യാസ ജില്ല | : | പത്തനംതിട്ട |
| സബ് ജില്ല | : | കോന്നി |
| ക്ലാസുകൾ | : | 5 മുതൽ 10 വരെ |
| മാനേജ്മെന്റ് | : | എയ്ഡഡ് |
| പഠനമാധ്യമം | : | മലയാളം, ഇംഗ്ലീഷ് |

# ആമുഖം

"നേതാജി"..... എഴുപത്തഞ്ചാണ്ടുകൾ പിന്നിട്ട വിദ്യാലയ മുത്തശ്ശി. ഗ്രാമീണതയുടെ വശ്യമായ ലാവണ്യത്തിൽ മുങ്ങി നിൽക്കുമ്പോഴും കാലത്തിന്റെ മാറ്റങ്ങളോടൊപ്പം ഈ വിദ്യാലയം സഞ്ചരിക്കുന്നു. കലയും ശാസ്ത്രവും പാഠ്യപാഠ്യേതര പ്രവർത്തനങ്ങളും ഇവിടെ വേറിട്ട ചിന്തകളിലും കാഴ്ചകളിലും ശോഭിക്കുന്നു. പ്രതിഭകളുടെ പെരുമയിൽ തലയുയർത്തി നിൽക്കുന്ന ഈ വടവൃക്ഷം കോവിഡ് മഹാമാരിയുടെ വിറയ്ക്കുന്ന കാലഘട്ടത്തിലും പുതുമയുടെയും വ്യത്യസ്തതയുടെയും വഴിയിലൂടെ സഞ്ചരിച്ച് സാന്ത്വനത്തിന്റെ തൂവൽസ്പർശമാകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. നാളിതുവരെ നേതാജി സഞ്ചരിച്ച പാത വ്യത്യസ്തവും അനുകരണീയവും പുതുമയുള്ളതുമായിരുന്നു. പുതിയ കാലത്തിന്റെ സ്പന്ദനങ്ങൾ തിരിച്ചറിയാതെ പോയാൽ ആ വഴിയിൽ വിജയം നേടാൻ കഴിയാതെ പോകും എന്ന തിരിച്ചറിവ് ഉമാടം നേതാജിയ്ക്ക് എപ്പോഴുമുണ്ട്.

# നേതാജി ഹയർസെക്കന്ററി സ്കൂൾ
## പ്രമാടം

പത്തനംതിട്ട ജില്ലയിൽ പ്രമാടം പഞ്ചായത്തിൽ പ്രമാടം എന്ന അതിമനോഹരമായ സ്ഥലം. പത്തനംതിട്ട ടൗണിൽ നിന്നും പാറക്കടവ് പാലം വഴി പൂങ്കാവ് റൂട്ടിൽ റോഡിനോട് ചേർന്ന് സ്കൂൾ സ്ഥിതിചെയ്യുന്നു. 1949 ൽ ആലക്കത്ത് ശ്രീ. ചെല്ലപ്പൻപിള്ള നേതാജി സുഭാഷ് ചന്ദ്രബോസിന്റെ നാമധേയത്തിൽ സ്കൂൾ സ്ഥാപിച്ചു. ഗ്രാമത്തിലെ കുട്ടികൾ അച്ചൻകോവിലാറ് നീന്തികടന്ന് പത്തനംതിട്ട ടൗണിലെത്തി പഠിക്കുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കി തന്റെ ഗ്രാമത്തിൽ തന്നെ അതിനുള്ള സൗകര്യം ഉണ്ടാകുന്നതിനാണ് ആ ദേശസ്നേഹി നേതാജി-യുടെ സ്മരണാർത്ഥം ഈ സ്കൂൾ സ്ഥാപിച്ചത്. ഇന്ന് അത് ഉയർച്ചയുടെ പടവുകൾ താണ്ടി വലിയൊരു സ്ഥാപനമായി വളർന്നിരിക്കുന്നു. 2025-26 അധ്യയനവർഷം അഞ്ച്, ആറ്, ഏഴ് ക്ലാസുകളിലായി പതിനാല് ഡിവിഷനും എട്ട്, ഒൻപത്, പത്ത് ക്ലാസുകളിലായി പതിനെട്ട് ഡിവിഷനും ഉള്ള ഈ സ്കൂളിൽ ഏകദേശം കുട്ടികളും അൻപതോളം അധ്യാപകരും അധ്യാപകേതര സ്റ്റാഫും പ്രവർത്തിക്കുന്നുണ്ട്. ഹയർസെക്കന്ററി വിഭാഗത്തിൽ സയൻസ്, കൊമേഴ്സ് ബാച്ചുകളിലായി മുന്നൂറോളം വിദ്യാർത്ഥികളും ഇരുപതോളം അധ്യാപക അനധ്യാപകരും പ്രവർത്തിച്ചു വരുന്നു.

ഇളമാടം പഞ്ചായത്ത് മെമ്പർ ശ്രീമതി. ലിജ ശിവകുമാറും സ്കൂളിന്റെ പ്രവർത്തനങ്ങളിൽ സജീവശ്രദ്ധ വെച്ചുപുലർത്തുന്നു. ശ്രീമതി. ശ്രീലത. സി ഹെഡ്മിസ്ട്രസും. ശ്രീമതി ആശ. ബി പ്രിൻസിപ്പൽ പദവിയും അലങ്കരിക്കുന്നു.

ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള അധ്യാപക യോഗ്യത നേടിയിട്ടുള്ള ഇവിടുത്തെ അധ്യാപകർ കാലാകാലങ്ങളിൽ നടപ്പാക്കുന്ന പരിശീലന പരിപാടികളിൽ പങ്കെടുക്കുകയും ലഭിക്കുന്ന റിസോഴ്സുകൾ കുട്ടികൾക്ക് പകർന്നു നൽകുകയും പഠനത്തെ വ്യത്യസ്ത അനുഭവമാക്കി മാറ്റുകയും ചെയ്യുന്നു.

സംസ്ഥാനതലങ്ങളിൽ ഏറ്റവും നല്ല സയൻസ് സ്കൂൾ എന്ന പദവി സ്കൂളിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാന ശാസ്ത്ര നാടകങ്ങളിൽ സ്കൂൾ അധ്യാപകനായ ശ്രീ. മനോജ് സുനിയുടെ സംവിധാനത്തിൽ നേതാജി നാടകക്കളരിയിലെ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവെയ്ക്കുകയും പുരസ്കാരങ്ങൾ കരസ്ഥമാക്കുകയും ചെയ്തു. കലാരംഗത്ത് മിന്നുന്ന പ്രകടനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. നാടോടി നൃത്തം, സംഘനൃത്തം എന്നീ ഇനങ്ങളിൽ സംസ്ഥാന തലത്തിൽ 'A' ഗ്രേഡ് കരസ്ഥമാക്കിയിട്ടുണ്ട്. കായിക രംഗത്തും മാറ്റുരയ്ക്കാൻ നേതാജിയിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. റോളർ സ്കേറ്റിങ്ങ്, ഫെൻസിങ്ങ് എന്നീ ഇനങ്ങളിൽ ദേശീയ തലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്. USS, NMMS എന്നിങ്ങനെ വിവിധ സ്കോളർഷിപ്പുകളിൽ

മികച്ച വിജയം നേടാൻ നേതാജിയിലെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. സ്കൂൾ വിക്കി പുരസ്കാരം, മികച്ച ലിറ്റിൽ കൈറ്റ്സ് പ്രവർത്തനത്തിനുള്ള അവാർഡ് എന്നിവ ജില്ലാതലത്തിൽ ലഭിച്ചു. സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ അനുദിനം മെച്ചപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുട്ടികളുടെ ബൗദ്ധിക നിലവാരത്തിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിൽ സദാ ജാഗരൂകരാണ് അധ്യാപകർ. ഹയർസെക്കന്ററി വിഭാഗം ഉൾപ്പെടെയുള്ള ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകളാണ്. യു. പി. വിഭാഗത്തിനായി ആധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനിലക്കെട്ടിടം ഒരുക്കി. കൂടാതെ IT Lab, Physics, chemistry, Biology, AR/VR, ATL ലാബുകൾ സ്കൂളിലുണ്ട്. പതിനായിരത്തിലധികം പുസ്തകശേഖരമുള്ള ലൈബ്രറി സ്കൂളിനുണ്ട്.

ചുറ്റുമതിലും ഗേറ്റും സെക്യൂരിറ്റിയും ഉള്ള സ്കൂൾ സംവിധാനമാണ് നിലവിലുള്ളത്. സ്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ ധാരാളം കുട്ടികൾ പങ്കെടുക്കുന്നുണ്ട്. ഭൗതിക സാഹചര്യങ്ങളിൽ അടിയന്തിരമായി ശ്രദ്ധ പതിപ്പിക്കേണ്ട ചില കാര്യങ്ങളുണ്ട്.

1. മഴവെള്ള സംഭരണി സ്ഥാപിക്കുക.
2. സോളാർ പാനൽ ഉപയോഗിച്ച് വൈദ്യുതി ഉത്പാദനം (ദീർഘകാല പദ്ധതി)
3. ഉച്ചഭക്ഷണം പാകം ചെയ്യാനുള്ള അടുക്കള വിശാലമാക്കുക.

4. ഉച്ചഭക്ഷണം ഇരുന്ന് കഴിക്കാനുള്ള ഡൈനിങ്ങ് റൂം.
5. സ്കൂൾ ലൈബ്രറിക്ക് റീഡിങ്ങ് റൂം പണിയുക.
6. പൂന്തോട്ടം മനോഹരമാക്കുക.
7. കായിക മത്സരങ്ങൾക്ക് വേണ്ട പിച്ചുകൾ കാര്യക്ഷമമാക്കുക.

## പൊതുലക്ഷ്യം

അടുത്ത അഞ്ചുവർഷത്തിനകം സ്കൂളിലെ മുഴുവൻ കുട്ടികളെയും അവരവരുടെ സർവ്വതോന്മുഖമായ കഴിവുകൾ വികസിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക പ്രകൃതിയെ മനസ്സിലാക്കി പഠനമുൾക്കൊള്ളുന്ന സാമൂഹികപ്രതിബദ്ധതയുള്ള മഹത് വ്യക്തിത്വമായി രൂപപ്പെടുത്താൻ കഴിയണം. കുട്ടികളിലെ സർഗ്ഗശേഷി വികസിപ്പിക്കാനും തൊഴിൽ നൈപുണി നേടാനും ലഹരി വിരുദ്ധ മനോഭാവം ഉൾക്കൊള്ളാനും കാർഷിക സംസ്കാരം വികാസമാകുന്ന ഒരു വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കാനും പര്യാപ്തമായ വിദ്യാഭ്യാസം നൽകാൻ കഴിയണം. അതിന് ആവശ്യപ്പെടുന്ന മേഖലകളിൽ സവിശേഷ ശ്രദ്ധ അർപ്പിച്ചുകൊണ്ടിരിക്കുന്നു.

# മേഖലകൾ

## 1. അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കുക.

സ്കൂളിലെ മുഴുവൻ കുട്ടികളെയും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനായി ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ കുട്ടികളുമായി നേടിയ കഴിവുകളുടെ അടിസ്ഥാനത്തിൽ വിവിധ മത്സര പരീക്ഷകളെ അഭിമുഖീകരിച്ച് ശേഷി കൈവരിച്ചു എന്ന് ഉറപ്പാക്കും.

## 2. ക്യാമ്പസ് ഒരു പാഠപുസ്തകം - ജൈവ വൈവിധ്യ ഉദ്യാനം

പഠനത്തെ പരിസരബന്ധിതവും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പ്രയോജനപ്പെടുത്തും.

(1) പ്രകൃതിയെ അടുത്തറിയാൻ, നിരീക്ഷിച്ച് പഠിക്കാനുള്ള അവസരമൊരുക്കും.

(2) വ്യത്യസ്ത കൃഷികൾ കോമ്പൗണ്ടിൽ ചെയ്യും. സംരക്ഷണ ചുമതല ക്ലാസുകൾക്ക് നൽകും.

(3) മരങ്ങളുടെ (നിലവിലുള്ള) പ്രാധാന്യമറിഞ്ഞ് കണ്ടെത്തി മരത്തിന്റെ ചുവട്ടിൽ ചാർട്ട് പ്രദർശിപ്പിക്കും.

(4) പുതിയവ നട്ട് വളർത്തി സംരക്ഷിക്കും.

(5) മിയവാക്കി ഫോറസ്റ്റിന്റെ സംരക്ഷണം.

## 3. സർഗ്ഗാത്മക വിദ്യാഭ്യാസം

കുട്ടികളുടെ തനതു വാസനകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കും. സംഗീതം, ചിത്രം, രചനാശേഷി, അഭിനയം തുടങ്ങിയ മേഖലകളിൽ പരിശീലനം കായിക ക്ഷമത വർദ്ധിപ്പിക്കാൻ ജീവിതശൈലി-രോഗങ്ങൾ വരാതിരിക്കാൻ വ്യായാമത്തിലും കളികളിലും പരിശീലനം നൽകും.

## 4. കൗൺസിലിങ്ങ്

ജീവിത യാത്രകളിലെ വിഘ്നങ്ങളിൽ കാലിടറി വീഴാതിരിക്കാൻ വേണ്ട ധൈര്യവും പ്രോത്സാഹനവും സ്നേഹവും കരുതലും കിട്ടാനും അവ സമൂഹത്തിൽ തിരിച്ചുകൊടുക്കാനും ഉതകുന്ന തരത്തിലുള്ള ക്ലാസുകൾ സമൂഹത്തിൽ വിജയിച്ചവരുടെ നേതൃത്വത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും നൽകും.

## 5. പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന

കുട്ടികളുടെ പിന്നോക്കാവസ്ഥ മനസ്സിലാക്കുന്നതിനാവശ്യമായ തുടർപ്രവർത്തനങ്ങളിലൂടെ അവരുടെ പോരായ്മകൾ പരിഹരിക്കുന്നു. അവർക്ക് ആവശ്യമായ പരിഗണനയും പിന്തുണയും നൽകി അവർക്ക് ആത്മവിശ്വാസം പകർന്നു നൽകുന്നു.

## 6. ജനാധിപത്യശീലം ഉണ്ടാക്കൽ

നേതൃത്വശേഷി, പരസ്പര ബഹുമാനം പൊരുത്തമയ്ക്ക് ഒന്നിച്ച് പ്രവർത്തിക്കൽ തീരുമാനങ്ങളോടും വിവേചനങ്ങളോടും നിലപാടു സ്വീകരിക്കൽ എന്നിവ വളർത്തുന്ന തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. സ്ത്രീപുരുഷ സമത്വം മതേതരത്വം മാനവികത ഇവ ഉൾക്കൊള്ളുന്നതിന് പ്രവർത്തനങ്ങൾ രൂപീകരിക്കും. സ്കൂളിലെ സ്കൗട്ട്, ഗൈഡ്സ്, ജൂനിയർ റെഡ് ക്രോസ്, എൻ. സി. സി വിവിധ ക്ലബ്ബുകൾ ഇവ ഏകോപിപ്പിക്കുന്നതിന് സ്കൂൾ പാർലമെന്റിനെ ചുമതലപ്പെടുത്തും.

## 7. ലഹരിവിരുദ്ധ മനോഭാവം

കുട്ടികൾ തങ്ങളുടെ വാസസ്ഥലങ്ങളുടെ പരിസരത്തിൽ സർവ്വേ നടത്തി ലഹരി ഉപയോഗിക്കുന്നതു മൂലം വ്യക്തി, കുടുംബം, സമൂഹം എന്നിവയ്ക്ക് ഉണ്ടാവുന്ന പ്രശ്നങ്ങൾ പഠിച്ച് പാഠം സ്വയം ഉൾക്കൊള്ളാൻ പ്രാപ്തരാക്കുന്ന തരത്തിലുള്ള ബോധവൽക്കരണം നൽകും. ലഹരിക്കെതിരെ പോരാടാൻ കുട്ടികളെ സജ്ജരാക്കും.

## 8. പ്ലാസ്റ്റിക് മുക്ത, കീടനാശിനി മുക്ത ക്യാമ്പസ്

പരിസരമലിനീകരണത്തിന്റെ

ദൂഷ്യഫലങ്ങൾ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ സ്വയം ബോധ്യപ്പെടുന്നു. ക്യാമ്പസ് മാലിന്യമുക്തമാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കും. അധ്യാപകരുടെ നേതൃത്വത്തിൽ ക്ലബ്ബ് രൂപീകരിക്കുകയും മാലിന്യങ്ങൾ അതിന്റെ ഉറവിടത്തിൽതന്നെ സംസ്കരിക്കാൻ കുട്ടികൾക്ക് നേതൃത്വം നൽകും. സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങളിൽ കഴിക്കുന്ന ആഹാരത്തിലും വെള്ളത്തിലുമുള്ള മായങ്ങൾ കണ്ടെത്തി അതൊഴിവാക്കുന്നതെങ്ങനെ എന്ന് പഠിപ്പിക്കും.

## 9. സമഗ്ര വിദ്യാലയ വികസന രൂപരേഖ

സ്കൂൾ പി. ടി. എയുടെ നേതൃത്വത്തിൽ പൂർവ്വവിദ്യാർത്ഥികൾ, തദ്ദേശ സ്വയംഭരണ പ്രതിനിധികൾ, വിദ്യാഭ്യാസ വിചക്ഷണൻമാർ ഇവരുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് സമഗ്ര വിദ്യാലയ വികസന രൂപരേഖ തയാറാക്കും. ഓരോ ഘട്ടങ്ങൾ കഴിയുമ്പോൾ കുട്ടികൾ ആർജ്ജിച്ചിരിക്കുന്ന ശേഷികൾ ജനകീയമായി വിലയിരുത്താൻ ഈ സമിതി നേതൃത്വം നൽകും.

## അക്കാദമിക തലത്തിൽ വരുത്തുന്ന മാറ്റങ്ങൾ

### 1. ഭാഷ കൈകാര്യം ചെയ്യുന്നതിൽ കുട്ടികൾ നേരിടുന്ന പ്രതിസന്ധികൾ – പരിഹാരമാർഗ്ഗങ്ങൾ

കാലാകാലങ്ങളിൽ മാറി വന്ന പാഠ്യപദ്ധതി പരിഷ്കരണവും സമൂഹത്തിലെ മാറ്റങ്ങളും മാതൃഭാഷയായ മലയാളത്തിലും ഇംഗ്ലീഷ്, ഹിന്ദി

തുടങ്ങിയ ഭാഷകളിലും കുട്ടി നേടേണ്ട യോഗ്യതകൾ നേടാതെ വന്ന കുട്ടികളുണ്ട്. വാക്യങ്ങൾ ശ്രദ്ധാപൂർവം വായിക്കാനും തെറ്റുകൂടാതെ എഴുതാനും ആശയവിനിമയം നടത്താനും വൈഷമ്യം നേരിടുന്നു. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് വിവിധങ്ങളായ പരിഹാരബോധന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. ഭാഷാധ്യാപകർ വളരെ ശ്രദ്ധയോടെ അതിന്റെ പ്രവർത്തനങ്ങൾ ചെയ്യുന്നു. ഭാഷാടിസ്ഥാനത്തിൽ പ്രത്യേകം അസംബ്ലികൾ എല്ലാ ആഴ്ചയിലും കൂടുന്നു. അസംബ്ലിയിൽ പ്രതിജ്ഞ, പ്രാർഥന, ഇന്നത്തെ ചിന്താവിഷയം, പുസ്തക പരിചയം എന്നിവ കുട്ടികൾ അവതരിപ്പിക്കുന്നു.

## 2. ഗണിത ബോധനം കീറാമുട്ടി

ഗണിതത്തിലെ അടിസ്ഥാന ആശയങ്ങളായ ചതുഷ്ക്രിയ ഉറപ്പിക്കൽ ഗുണനപ്പട്ടിക ഉറപ്പിക്കൽ ഇവ വേണ്ട സമയത്ത് ഉറയ്ക്കാതെ വരുന്ന കുട്ടികൾക്ക് മുന്നോട്ടുള്ള പഠനം ദുഷ്കരമാകുന്നു. മാതൃഭാഷ ഉറയ്ക്കാതെ ഉത്തരം എഴുതാൻ കഴിയാതെ വന്നത് കണക്കിനെ ഒരു ഭീകരവസ്തുവാക്കി മാറ്റി. കണക്കിനെ വരുതിയിലാക്കാൻ 'പ്രോജക്ട് ഗണിതം' എന്ന പേരിൽ പരിശീലനം നൽകുന്നു. 5 മുതൽ 8 വരെയുള്ള കുട്ടികൾക്കാണ് ഈ പരിശീലനം സംഘടിപ്പിക്കുന്നത്.

## 3. സാമൂഹ്യശാസ്ത്രം - സാമൂഹ്യബോധം ഉറപ്പിക്കൽ

കേരളത്തെ അറിയുക, ഇന്ത്യയെ അറിയുക എന്ന പ്രവർത്തനങ്ങൾ നൽകുന്നു. ഇന്ത്യയുടെ ഭൂപടത്തിൽ സംസ്ഥാനങ്ങൾ, അയൽ രാജ്യങ്ങൾ, ദിക്കുകൾ, നദികൾ തുടങ്ങിയവയുടെ സ്ഥാനം കണ്ടെത്തുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രം, സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടുത്തൽ അതിനായി ഡോക്യുമെന്റേഷൻ, സിനിമ, ചിത്രപ്രദർശനം, ചരിത്രസംഭവങ്ങളുടെ ഓർമ്മപ്പെടുത്തൽ, ഫീൽഡ് ട്രിപ്പ് (പഠനയാത്ര) എന്നിവ ഉൾപ്പെടുത്തുന്നു.

## 4. സയൻസ് - ജീവിക്കാൻ

നിരീക്ഷണ പരീക്ഷണങ്ങളിലൂടെ നാം നേടുന്ന അറിവുകൾ നമ്മുടെ ജീവിതത്തിൽ ഉപയോഗിക്കുന്നതിലൂടെ മാത്രമേ സയൻസ് നമ്മളിലേക്ക് എത്തു. വിഷരഹിത, മാലിന്യരഹിത പ്ലാസ്റ്റിക് രഹിത സംസ്കാരം നമ്മളിലും സമൂഹത്തിലും ആഴ്ന്നിറങ്ങി ലോകരാജ്യങ്ങളോട് കിടപിടിക്കുന്ന ഒരു രാജ്യമായി തീരാൻ നമ്മുടെ ബുദ്ധിയും പ്രവർത്തനങ്ങളും സാധ്യമാകുന്ന വിധത്തിൽ മാറേണ്ടതുണ്ട്. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കുട്ടികളിലെ ശാസ്ത്രാഭിരുചി

കണ്ടെത്തുന്നു. ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കും.

## 5. അറിയാൻ അറിയിക്കാൻ - നിയമപാഠം

കുട്ടികൾക്ക് എന്തെല്ലാം അവകാശങ്ങളുണ്ട്. അവ ചൂഷണം ചെയ്താൽ എന്തൊക്കെ നിയമങ്ങളിലൂടെ അവയ്ക്കെതിരെ പ്രതികരിക്കാനാകുമെന്ന് ഓരോ കുട്ടിയും അറിഞ്ഞിരിക്കേണ്ടതുണ്ട്. അവ നിയമം പഠിച്ച അഭിഭാഷകർ, നിയമപാലകർ ഇവരുടെ സഹായത്തോടെ മനസ്സിലാക്കാൻ കഴിയും. ഇവയൊക്കെ കൃത്യമായി ആസൂത്രണം ചെയ്ത പ്രവർത്തനങ്ങളിലൂടെ മാത്രം ഉണ്ടാക്കാൻ കഴിയും. അത്തരം പ്രവർത്തനങ്ങൾ ഹ്രസ്വ മധ്യ ദീർഘകാല അടിസ്ഥാനത്തിൽ വിഷയം തിരിച്ച് നടത്തുന്നു.

# മലയാളം

# അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം

മേഖല: അക്കാദമികം

ഉപമേഖല : മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • പ്രീ-ടെസ്റ്റ്<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>• ചിത്രം നൽകി കഥ പറയൽ എഴുതൽ | ജൂൺ ജൂലൈ ആഗസ്റ്റ് | ഭാഷാധ്യാപകർ | SRG, PTA SSA, DIET SCERT |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക. വായനാ സാമഗ്രികൾ കണ്ടെത്തി വികസിപ്പിക്കുക. | • വായനക്കൂട്ടം രൂപീകരണം<br>• ക്ലാസ് ലൈബ്രറി<br>• അന്വേഷണക്കുറിപ്പ് തയ്യാറാക്കൽ<br>• ചുവർ പത്രിക ഒരുക്കൽ<br>• വായനോത്സവം സംഘടിപ്പിക്കൽ<br>• വായനക്കുറിപ്പ് - പതിപ്പ്<br>• സാഹിത്യകാരൻമാർ, എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം കലാസാഹിത്യവേദി | SRG, SMC, PTA |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. (എഴുത്തുകൂട്ടം) | • എഴുത്തുകൂട്ടം രൂപീകരണം<br>• എഴുത്തിന്റെ ഗുണങ്ങളുള്ള സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കൽ<br>• ചുവർ പത്രിക ഒരുക്കൽ<br>• രചനാ ശില്പശാല<br>• കഥാ ക്യാമ്പ്, കവിതാ ക്യാമ്പ്. | ഒരു വർഷം | ഭാഷാധ്യാപകർ ലൈബ്രേറിയൻ, വിദ്യാരംഗം | SMC, PTA Municipality Rs: 5,000 |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | വിഭവ സാമഗ്രി |
|---|---|---|---|---|---|
| 4 | സർഗശേഷികൾ കണ്ടെത്തലും, വികസിപ്പിക്കലും (വിദ്യാരംഗം കലാസാഹിത്യവേദി) | • വിദ്യാരംഗം കലാസാഹിത്യവേദി രൂപീകരണം<br>• ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ<br>• CD, വീഡിയോ പ്രദർശനം<br>• ഭിന്നശേഷിക്കാർക്കായി പ്രത്യേക സഭ. | ജൂൺ | മുഴുവൻ അധ്യാപകർ, വിദ്യാരംഗം, IEDSS | SRG, SMC, PTA, ഇൻക്ലൂസീവ് കൗൺസിലർ |
| 5 | സ്കൂൾ ഗ്രന്ഥശാല [ലൈബ്രറി] ശാക്തീകരണം | • ക്ലാസ് ലൈബ്രറി രൂപീകരണം<br>• സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br>• മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ<br>• വായനാമൂലകൾ, വായനാഡയറി സജ്ജമാക്കൽ | ഒരു വർഷം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ, വിദ്യാരംഗം | SRG, SMC, PTA, Muncipality Rs, 60,000 |
| 6 | കലാപരമായ കഴിവുകൾ പോഷിപ്പിക്കൽ, ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാനുള്ള ശേഷി | • നാടകക്കളരി<br>• പാഠഭാഗവുമായി ബന്ധപ്പെട്ടവയുടെ നാടകീകരണം<br>• ICT സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br>• പൊതുവേദികളിലെ അവതരണം | ഒരു വർഷം | ഭാഷാധ്യാപകർ, ആർട്ട് വർക്ക് അധ്യാപകർ | SMC, PTA |
| 7 | രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂടെ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കൽ | • രചനകൾ ക്ലാസ് മാഗസിൻ, റേഡിയോ ക്ലബ്ബ്, ചുമർ പത്രങ്ങൾ, സ്കൂൾ ബ്ലോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br>• പത്രക്വിസ് [പ്രതിദിനം ഒരു ചോദ്യം] | പ്രവൃത്തി ദിവസവും 5 മിനിട്ട് | SITC, റേഡിയോ ക്ലബ്ബ്, ക്ലാസ് ടീച്ചർ | SRG, SMC, PTA |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ സ്ഥാപനങ്ങൾ |
|---|---|---|---|---|---|
| 8 | ICT സാധ്യതകൾ അറിവ് വിനിമയത്തിന് | • പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, വീഡിയോ, ക്ലിപ്പുകൾ എന്നിവ ശേഖരിച്ചും നിർമ്മിച്ചും എഡിറ്റ് ചെയ്ത് വെച്ചും സ്കൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും, അറിവ് വിനിമയത്തിനുമായി ഉപയോഗിക്കൽ | ആവശ്യാനുസരണം | ഭാഷാധ്യാപകർ, SITC, JSITC | SRG KITE [IT@ School] |
| 9 | ഭാഷാശേഷികളുടെ സമഗ്രമായ വികസനം | • സെമിനാറുകൾ\അഭിമുഖങ്ങൾ പാനൽ ചർച്ചകൾ\സംവാദം തുടങ്ങിയവ<br>• തിരക്കഥയെ ഊന്നി ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കൽ | വർഷത്തിൽ രണ്ട് | ഭാഷാധ്യാപകർ | SRG, SMC, PTA |
| | മേഖല: അക്കാദമിക/ ദിനാചരണങ്ങൾ<br>ഉപമേഖല: സർഗ്ഗവികസനം | | | | |
| 1 | വ്യക്തിത്വ വികസനം | • വിവിധ വിഷയങ്ങൾ കോർത്തിണക്കി ദ്വിദിന സഹവാസ ക്യാമ്പ് | വർഷത്തിൽ ഒന്ന് | SRG | SMC, PTA Rs, 7,500 |
| 2 | വിവിധ ശേഷികളുടെ പരിപോഷണവും വികസനവും | • അക്കാദമിക വർഷത്തെ മുഴുവൻ വിവിധ ദിനാചരണങ്ങൾ SRG യിൽ തീരുമാനിച്ച് സ്കൂളിലും പരിസരത്തെ പൊതു ഇടങ്ങളിലും നടപ്പിലാക്കു<br>• സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ സംഘാടനവും ശാക്തീകരണവും | ആവശ്യാനുസരണം | SRG | SMC, PTA |

# ENGLISH

# ACADEMIC MASTER PLAN 2025 - 2026

| No | Objective | Activity | Period | Charge | Finance |
|---|---|---|---|---|---|
| 1. | To improve the ability to use English language well without mistake. | • English Proficiency Test<br>• communicating in English on the school campus<br>• Trying to write an English Diary everyday<br>• New Reading in English | Everyday | English Teachers | Parents SRG |
| 2. | Use Language Lab to reinforce Pronunciation, Stress, Phonetics, ..etc in all children and nurture their English language Skills. | • Emphasize English Pronunciation, Stress, intonation and Fluency<br>• Spoken English class<br>• Reading English story books in the class<br>• Making learning easier for children with disabilities through textbook adaptation option. | Short time | English Teachers<br>Resource Teacher | Language Lab,<br>SRG<br>PTA |

20

| Objectives | Activities | Period | Charge | Finance |
| --- | --- | --- | --- | --- |
| 3. English Movie Theatre | • Activate English cinema Screening<br>• Followed by film description and discussion.<br>• Preparing an appreciation in English. | 2 times a month | English Teachers<br>English club | SRG |
| 4. English Assembly. | • 2 times a month [Prayer, Pledge, Introductory Speech... etc in English] | 2 times a month | Class level English club | English Language Teachers. |
| 5 Development of Creative abilities. | • Encourage Picture Reading<br>• Translating text into different discourses forms. [Skit, Drama, conversation]<br>• Training for English items for "School Kalolsavam". | Monthly | English club | SRG<br>SSC<br>Rs: 2000/- |

| NO | OBJECTIVE | ACTIVITIES | Period | charge | Finance |
|---|---|---|---|---|---|
| 6 | English Fest | › Holding and English fest once a year, with a series of English grammar and Poetry | once a year | SRG | SRG PTA Panchayath RS-20,000/- |
| 7 | English Library | › A library rich in English books in the classroom<br>› classification and distribution of books. | First Term | English Teachers, Librarian | SRG PTA |
| 8 | ICT Possibilities | › Recitation of Poetry related to the lesson sections, video showing, collage Making, letter Preparation, and Sample question Preparation DTP Preparation. | All year round | English Teachers, SICT JSICT | PTA |
| 9 | To understand the need to Preserve nature and maintain Personal health | › Organising exhibitions, film festival and Presenting reports on them<br>› Participating in Seminars | Once in year | English Teacher | |

# हिंदी

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. 5, 6, 7 ക്ലാസിൽ അക്ഷര ബോധം ഉറപ്പിക്കൽ ഹിന്ദി അക്ഷരം ക്ലാസ്സ് മുതൽ അറിഞ്ഞിരിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക പരിശീലിപ്പിക്കുക. | പുതിയ പാഠങ്ങൾ പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസ്സിലാക്കി കൊടുത്ത് പഠിപ്പിക്കും ചിത്രങ്ങൾ, അക്ഷരമാലാ ചാർട്ട് സിഡിയിൽ അക്ഷരരചന കാണിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2. ഹിന്ദി വായന മെച്ചപ്പെടുത്തൽ ഹിന്ദി വായിക്കുവാനുള്ള പരിശീലനം ചെയ്യും. | നിരന്തരം പുസ്തകം വായിപ്പിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കും പിക്കും | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3. ഹിന്ദി സംസാരം ഹിന്ദി സംസാരിക്കാനുള്ള കഴിവ് വികസിപ്പിക്കും നിത്യ ജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാരിക്കാനുള്ള വാക്കുകൾ പരിചയപ്പെടുത്തും. | ഹിന്ദി മാത്രം മികവാർന്ന ക്ലാസ്സുകളിൽ ഉപയോഗിക്കും അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും<br>വായനയ്ക്ക്<br>ഹിന്ദി തെളിച്ച് അധ്യാപകർ വായിക്കും കുട്ടികൾ ശ്രദ്ധയോടെ അനുകരിച്ച് വായിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 4. CWSN, Slow learners കുട്ടികൾക്കായി പ്രത്യേക പരിശീലനങ്ങൾ, പല വർണങ്ങളിൽ | | | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| | ആകർഷകമായ അക്ഷരമാല അവതരണം, | വിവിധ വർണ്ണങ്ങളിൽ അക്ഷരമാല അവതരണം | ആഗസ്തിൽ ഒന്നാം, വാരം | ഹിന്ദി അധ്യാപകൻ | |

| | പ്രവർത്തനങ്ങൾ | കാലനിർണ്ണയം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1. | കുട്ടികളുടെ നിലവാരമറിയുന്നതിന് പ്രീടെസ്റ്റ് നടത്തൽ | ജൂൺ ആദ്യവാരം | 8 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദിയിലെ ആശയങ്ങൾ വായിക്കാനും ആശയവിനിമയം നടത്താനുള്ള ശേഷി വർദ്ധിപ്പിക്കൽ CWSN SLOW LEARNERS കുട്ടികൾക്ക് ശ്രദ്ധയും അധികപിന്തുണ ഉറപ്പിക്കൽ |
| 2. | കുട്ടികൾക്ക് പഠനത്തിൽ ഉണർവ്വ് നൽകുന്ന ഭാഷാപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജുകൾ തയ്യാറാക്കൽ CWSN, slow learner കുട്ടികളെ വിലയിരുത്തി അവരുടെ ശാരീരികവും മാനസികാവസ്ഥയും മനസ്സിലാക്കിക്കൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാംവാരം | 8,9,10 | ഹിന്ദി അധ്യാപകർ മലയാളം അധ്യാപകർ | |
| 3. | ഓരോ ക്ലാസിലും ദിവസവും നിലയിലിട്ടുകൊണ്ട് ദിനംദിനവാക്കുകൾ പരിശീലിപ്പിക്കുക | പ്രതിദിനം | 8, 9 | | |

| പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|
| 4. CWSN, SLO LEARNERS കുട്ടികൾക്കായി പ്രത്യേക പരിശീലനങ്ങൾ ICT ഉപാധികൾ പ്രവർത്തനങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9, 10 | ഹിന്ദി അധ്യാപകർ | |
| 5. ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ ജീവനികൾ, ആത്മകഥകൾ, കവിതകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 8, 9, 10 | ഹിന്ദി അധ്യാപകർ | |
| 6. ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക, ഹിന്ദി അസംബ്ലി നടത്തുക | ദിനാചരണവുമായി ബന്ധപ്പെട്ട് | 9, 10 | ഹിന്ദി അധ്യാപകർ | |
| 7. പാഠഭാഗവുമായി ബന്ധപ്പെട്ട് ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 8, 9 | ഹിന്ദി അധ്യാപകർ | |
| 8. ഹിന്ദി അന്താക്ഷരിയുമായി ബന്ധപ്പെടാനുള്ള അവസരം<br>സിനിമ കാണാനും വാർത്ത കാണാനും ഉള്ള അവസരം | 6 മാസം | 9, 10 | ഹിന്ദി അധ്യാപകർ<br>ക്ലാസ് അധ്യാപകർ<br>മറ്റ് അധ്യാപകർ | |

| | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 9. | കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക | ജനുവരി | 8, 9 | ഹിന്ദി അധ്യാപകർ | |
| 10. | കുട്ടികൾക്ക് മാനസികഉല്ലാസം നിലനിർത്തിക്കൊണ്ട് AI ഉപയോഗിച്ച് ശിക്ഷണ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തന പാക്കേജുകൾ | 6 മാസം | 8, 9, 10 | ഹിന്ദി അധ്യാപകർ<br>ക്ലാസ് അധ്യാപകർ<br>മറ്റധ്യാപകർ | |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തി |
|---|---|---|---|---|---|
| 1. എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നു. | പ്രീടെസ്റ്റ് ചോദ്യനിർമാണം, ടെസ്റ്റ്, മൂല്യനിർണ്ണയം, പരിഹാരബോധനം, ബോധനസാമഗ്രികൾ തയ്യാറാക്കൽ. | ജൂൺ JULY | സയൻസ് അധ്യാപകർ | SRG | |
| 2. സ്കൂൾ ശാസ്ത്രലാബിന്റെ നവീകരണം. | വിവിധ ഉപകരണങ്ങൾ, ചാർട്ടുകൾ, മോഡലുകൾ, പ്രവർത്തന മാതൃക, എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ ക്ലാസുകളിൽ എളുപ്പം കൊണ്ടുപോകാവുന്ന 'Mobile lab kit' തയ്യാറാക്കൽ | June, July, August | സയൻസ് ടീച്ചേഴ്സ്. | SRG പഞ്ചായത്ത് SMC | 5000 |
| 3. അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെ അടുത്തറിയാനുള്ള അവസരം ഒരുക്കൽ | • സ്കൂൾ കാമ്പസിൽ പഴം, പച്ചക്കറിത്തോട്ടം, ഔഷധത്തോട്ടം.<br>• ജൈവവൈവിധ്യ പാർക്ക്.<br>• ശാസ്ത്രീയ നാമം, പ്രാദേശിക നാമം, വർഗ്ഗീകരണം മുതലായവ രേഖപ്പെടുത്തൽ വഴി പ്രകൃതി തന്നെ പാഠപുസ്തകമായി മാറുന്നു | 1 year | അധ്യാപകർ | കൃഷിഭവൻ പഞ്ചായത്ത് | 15,000. |
| 4. മാലിന്യവിമുക്ത ആരോഗ്യ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം. | • പരിസര ശുചീകരണം.<br>• ശുചിത്വ ബോധവൽക്കരണ ക്ലാസ്<br>• കുട്ടികൾക്കും രക്ഷിതാക്കൾക്കും ആരോഗ്യ ക്ലാസ്; വൈദ്യപരിശോധന.<br>• ജീവിതശൈലീ രോഗങ്ങൾ - ബോധവൽക്കരണ ക്ലാസ് | One year | Teachers. | Health Department. Teens club Health club | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തി |
|---|---|---|---|---|---|
| 5. ശാസ്ത്രാഭിരുചി വളർത്താൻ ശാസ്ത്രാവബോധം. | സ്കൂൾ ശാസ്ത്രമേള, സയൻസ് ലാബ്, സയൻസ് പാർക്ക്, സയൻസ് ക്ലബ്, അനാട്ടമി പാർക്ക്. <br> ശാസ്ത്രോപകരണ നിർമ്മാണ ശില്പശാല, ലഘുപരീക്ഷണങ്ങളുടെ നിർമ്മാണം, ശാസ്ത്രക്വിസ്, ബയോഗ്യാസ് പ്ലാന്റ് വിപുലീകരണം, ശാസ്ത്രദിനാചരണങ്ങൾ. | June July August | Teachers | SMC Panchayat | 2000 |
| 6. ശാസ്ത്രതാല്പര്യം ഉണർത്താൻ | ശാസ്ത്രദിനാചരണങ്ങൾ ഉൾക്കൊള്ളിച്ചു ഉള്ള ആസൂത്രണത്തിലൂടെ ചെയ്യുക. Specimen ശേഖരണം, കൊളാഷ്, ചാർട്ടുകൾ, പതിപ്പുകൾ തയ്യാറാക്കൽ, ശാസ്ത്ര പഠനയാത്ര. | one year | Teachers | SMC Panchayat | 10,000 |
| 7. ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക. | പ്രതിഭകൾക്ക് (SESC) പ്രത്യേക പരിശീലനം, ശാസ്ത്ര വിദഗ്ധരുടെ ക്ലാസ്. | Second term. | Teachers | SRG | 5000 |
| 8. ശാസ്ത്ര പഠനത്തിന് നൂതന സാങ്കേതിക വിദ്യ. | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, Animation Virtual Experiment എന്നിവ ഉപയോഗിക്കുന്നു | one year | Teachers. | Kite SITC SERT | |

# സാമൂഹ്യശാസ്ത്രം

## മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. കുട്ടികളെ ചരിത്രാവബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം നിശ്ചയിച്ച തിയതികളിൽ നടത്തുന്നു. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 2. ജനാധിപത്യം ഒരു ജീവിതശൈലിയാക്കിമാറ്റി കുട്ടികളിൽ പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, നിയമസഭാ സന്ദർശനം, പൗരബോധം, സാമൂഹ്യ സേവനം ഇവ വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേക തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, നാട്ടുകാർ |
| 3. മത്സരങ്ങൾ, സെമിനാറുകൾ എന്നിവയിൽ ക്രിയാത്മക പ്രവർത്തനത്തിലൂടെ വളർത്തുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ, പ്രോജക്ട്, ചർച്ചകൾ, സംവാദം, ക്വിസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമികവർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് |

| മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 4. പത്രവായന കുട്ടികളിൽ വളർത്തുക, സ്കൂളിൽ ക്വിസ്സ് നടത്തുവാൻ പരിശീലനം എന്ന ലക്ഷ്യം കൈവരിക്കുക | പത്രവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പ്, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | ദീർഘം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5. കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം | ദീർഘം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 6. വ്യത്യസ്തങ്ങളായ മണ്ണിനെക്കുറിച്ചും, ഭൂപ്രകൃതികളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ എന്നിവയെപ്പറ്റിയും പരിചയപ്പെടുക | വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനും കൂടാതെ, തൊഴിലുകളുടെ പഠനം സഹായകമാക്കുന്ന വീഡിയോ പ്രദർശനം, പത്രവായന, ഫീൽഡ് ട്രിപ്പ് | ദീർഘം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്രക്ലബ്ബ് |

| മേഖല - ഹൈസ്കൂൾ - സാമൂഹ്യശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| 7. ചിന്താശേഷി കുട്ടികളുടെ പഠനം ലളിതമാക്കുന്നതിന് സഹായിക്കുക. | ICT സാധ്യത ഉപയോഗപ്പെടുത്തി സിനിമപ്രദർശനം, ആശയങ്ങൾ ചിത്രങ്ങൾ, മോഡലുകൾ എന്നിവയിലൂടെ ബോധ്യപ്പെടുത്തൽ | ദീർഘകാലം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| 8. കുട്ടികളിൽ ലഹരിവിരുദ്ധ മനോഭാവം വളർത്തിയെടുത്ത് ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക. | നാടകം, ദൃശ്യങ്ങൾ, റാലി, ലഘുക്കുറിപ്പുകൾ, സ്കിറ്റ് തുടങ്ങിയവ സംഘടിപ്പിക്കൽ | ദീർഘകാലം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ഗണിതം

## അക്കാദമിക മാസ്റ്റർ പ്ലാൻ ഗണിതം 2025-26

V, VI, VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത പ്രക്രിയകൾ എല്ലാവർക്കും ഉറപ്പു വരുത്തുക. | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ മനസ്സിലാക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ. | |
| രസകരമായ ഗണിതശാസ്ത്ര പഠനവും കരകൗശലങ്ങളുടെ വികാസവും. | ഗണിത ശാസ്ത്രമേളയുമായി ബന്ധപ്പെട്ട വർക്ക്ഷോപ്പ്, വിവിധ ഗണിത രൂപങ്ങൾ നിർമ്മിക്കുന്നു, ഒറിഗാമി പരിശീലനം, ജ്യോമെട്രിക് ചാർട്ടുകളുടെ പ്രദർശനം | ജൂലൈ, ആഗസ്റ്റ്. | ഗണിത അധ്യാപകർ | |
| ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കും. | Peer Tutoring - സംഘടിപ്പിക്കുന്നു. ഗണിത ക്വിസ് മത്സരം നടത്തുന്നു. | ആഗസ്റ്റ് | ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ. | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളുടെ സഹായം. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം പോലുള്ള പ്രവർത്തനങ്ങൾ GeoGebra ഉപയോഗിച്ച് കുട്ടികളിലെത്തിക്കുന്നു. മറ്റ് സങ്കേതങ്ങൾ ഉപയോഗിക്കാനുള്ള പരിശീലനം നൽകുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികാസം. | ദിനാചരണം - ജൂൺ മുതൽ മാർച്ച് വരെ ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ ചർച്ചചെയ്യുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം. | S.R.G. | |
| | സബ്ജില്ല ഗണിതമേളയ്ക്ക് കുട്ടികളെ സജ്ജരാക്കുന്നു. | ആഗസ്റ്റ് സെപ്റ്റ. | ഗണിതാധ്യാപകർ. | |
| | Sep- 5 Teachers Day കുട്ടി ടീച്ചർ മത്സരം | സെപ്റ്റംബർ | ക്ലബ് അംഗങ്ങൾ. | |

# ACADEMIC AND NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യജോടികൾ, ബ്രിഡ്ജ്- ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ക്ലബ് ഉദ്ഘാടനം Problem of the week തുടക്കം Maths Bulletin Board സ്ഥാപിക്കൽ ജൂൺ 19 Pascal ജന്മ ദിനാചരണം. |
| JULY | തുല്യത്രികോണങ്ങൾ വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് - ത്രികോണപരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം. | ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ് Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാം കൃതി സമവാക്യങ്ങൾ ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗണിത ക്വിസ് മത്സരം ഗണിത മാഗസിൻ Peer Tutoring - Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചകസംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്കൂൾ ഗണിതമേള GeoGebraൽ പ്രത്യേക പരിശീലനം Sep - 5 Teachers Day കുട്ടി-ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് - വൃത്തങ്ങൾ വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജരാക്കുക. Maths puzzle Day സംഘടിപ്പിക്കുക (2nd week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക Nov-4 ശകുന്തളാദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ-വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കൽ, അർദ്ധ വാർഷിക പരീക്ഷ & PTM | ദേശീയ ഗണിത-ദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ-ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & റിവിഷൻ | അനുപാതം, സ്ഥിതി വിവരക്കണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | SSLC വിദ്യാർത്ഥി-കൾക്ക് തിരിഞ്ഞു നോട്ടം |

# കലാർപ്പണം

# അക്കാദമിക് മാസ്റ്റർപ്ലാൻ - 2025-26

വിഷയം: കലാപഠനം. ക്ലാസ്- 8, 9, 10.

| നമ്പർ | പൊതു ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 1. | കലകളുടെ സാദ്ധ്യതകൾ തുറന്നുകാട്ടി സാമൂഹിക ജീവിതത്തിൽ മാനവികമായ കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന് | ചിത്രകല<br>വിവിധ മാധ്യമങ്ങൾ ഉപയോഗിച്ച് ചിത്രരചന നടത്തുന്നതിന് പരിശീലിക്കുന്നു. ഇവയുടെ പ്രത്യേകതകൾ മനസ്സിലാക്കുന്നു. | ഹ്രസ്വം. ജൂൺ ജൂലൈ ആഗസ്റ്റ് | വ്യത്യസ്തങ്ങളായ ചിത്രങ്ങളുടെ നിർമ്മാണം പ്രദർശനം | 250 | ICT Internet |
| 2. | ഭിന്ന നിലവാരക്കാരായ വിദ്യാർത്ഥികളെ ഒരുപോലെ പഠനപ്രവർത്തനങ്ങളിൽ തൽപരരാക്കുന്നതിന് | സംഗീതം<br>നാടൻ പാട്ടുകൾ, സംഘഗാനങ്ങൾ, മറ്റുഭാഷകളിലുള്ള ഗാനങ്ങൾ എന്നിവ പരിശീലിക്കുന്നു. | മധ്യമം ആഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | കൂടുതൽ ആലാപനങ്ങളുടെ ചിന്തയിലൂടെ കുട്ടികളെ ഉയരങ്ങളിലേക്ക് വളർത്തുന്നതിന് സാധിക്കുന്നു. | – | ICT Internet |

| No | പൊതുലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം | മികവുകൾ |
|---|---|---|---|---|---|---|
| 3. | സാംസ്കാരിക വൈവിധ്യം തിരിച്ചറിഞ്ഞ് സാംസ്കാരിക അവബോധം വളർത്തുന്നതിന് | <u>നൃത്തം</u><br>വിവിധ നൃത്തരൂപങ്ങൾ പ്രദർശനത്തിലൂടെ കുട്ടികൾ മനസ്സിലാക്കുന്നു. വിവിധ നാടുകളുടെ സാംസ്കാരിക പരിപാടികൾ പ്രദർശിപ്പിക്കുന്നു. നൃത്തത്തിലെ മുദ്രകൾ പരിശീലിക്കുന്നു. | ഹ്രസ്വം<br>ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | കുട്ടികൾ നൃത്തരൂപങ്ങൾ പരിശീലിക്കുന്നു | 1000 | നൃത്തരൂപങ്ങളുടെ CDകൾ, നൃത്തത്തിൽ വിദഗ്ധരായവരുടെ സേവനം. |
| 4. | ബഹുമുഖ ബുദ്ധിവികാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് | <u>അഭിനയം</u><br>ആശയം വികസിപ്പിച്ച് നാടകരൂപത്തിൽ തയ്യാറാക്കാനും അവതരിപ്പിക്കുവാനുമുള്ള കഴിവ് പ്രദർശിപ്പിക്കുന്നു. രംഗസജ്ജീകരണങ്ങൾ വേഷവിധാനങ്ങൾ ശബ്ദ വെളിച്ച ഉപാധികൾ എന്നിവ സജ്ജീകരിക്കണം | മധ്യമം<br>ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | കുട്ടികൾ നാടകരൂപം പരിശീലിക്കുന്നു | | വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നു |

43

| No | പൊതു ലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|
| 5. | സിനിമയുടെ നിർമ്മാണത്തിലെ വിവിധ ഘട്ടങ്ങൾ മനസ്സിലാക്കുന്നതിന് അവസരം ഒരുക്കുന്നു | <u>സിനിമ</u><br>കഥ, തിരക്കഥ, സംവിധാനം, ലൊക്കേഷൻ, അഭിനേതാക്കൾ, ചിത്രീകരണം, എഡിറ്റിംഗ്, ഡബ്ബിംഗ് എന്നിവ പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കുന്നു | മധ്യം<br>ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ | ഗ്രൂപ്പുകളായി പ്രവർത്തനം നടത്തുന്നു | 1000 | വിദഗ്ധരുടെ സേവനം ഒരുക്കുന്നു |
| 6. | കലയുടെ ആസ്വാദ്യത ഉൾക്കൊണ്ടുകൊണ്ട് സാമൂഹിക ജീവിതത്തിൽ മാനസികമായ - കാഴ്ചപ്പാടുകൾ സൃഷ്ടിക്കുന്നതിന് | <u>ചിത്രരചന</u><br>സ്വതന്ത്രമായ ആശയങ്ങളിലൂടെ ചിത്രങ്ങൾ വരച്ചു വർണ്ണങ്ങൾ ചാലിച്ചിടാനും പ്രദർശനവും അവസരവും സൃഷ്ടിക്കുന്നു. കുട്ടികളെ അത്യാവശ്യമാണ്. | ദീർഘകാലം<br>നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി | ചിത്രങ്ങൾ ശേഖരിക്കുക ഗ്രൂപ്പുകൾ പ്രദർശിപ്പിക്കുക ചെയ്യുന്നു | 10,000 | PTA |
| 7. | ദൃശ്യ ശ്രവ്യ സൗന്ദര്യം തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നതിനുള്ള വേദി സൃഷ്ടിക്കുന്നു | <u>സംഗീതം</u><br>സംഗീതോപകരണങ്ങളുടെ സഹായത്തോടെ ഗാനാലാപനം, നൃത്തം എന്നിവ ചിട്ടപ്പെടുത്തി അവതരിപ്പിക്കുന്നതിന് ശ്രമിക്കുക. | ദീർഘകാലം<br>നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി | വിവിധ സംഗീതോപകരണങ്ങൾ ശേഖരിക്കുക. വിദഗ്ധ സഹായികളെ കണ്ടെത്തുക. | | PTA |

44

5

| നം | പൊതുലക്ഷ്യം | പ്രവർത്തനം | കാലാവധി | ഉൽപന്നം | സാമ്പത്തികം | പിന്തുണ |
| --- | --- | --- | --- | --- | --- | --- |
| 8. | പഠിതാക്കൾക്ക് സ്വാതന്ത്ര്യം നൽകി മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കുവാൻ പ്രേരിപ്പിക്കുന്നു | അഭിനയം<br>നാടക പ്രവർത്തനത്തിനു പുറമെ ലഘുസിനിമകൾ ചിത്രീകരിക്കുക, അഭിനയം, സ്ക്രിപ്റ്റ് ചിത്രീകരണം, എഡിറ്റിംഗ് തുടങ്ങിയവ. | ദീർഘകാലം നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി മാർച്ച് | ഹ്രസ്വചിത്രങ്ങൾ അഭിനയിച്ചു തയ്യാറാക്കുക. | | PTA |
| 9. | കുട്ടികളുടെ മനോധർമ്മ പ്രകടനത്തിന് ആദ്യം സ്ഥിതിയാങ്ങളും, ഏറ്റെടുക്കുന്നതുമായ സമീപനം കൈക്കൊള്ളുക. | നൃത്തം<br>ചിട്ടപ്പെടുത്തിയ നൃത്തം, ഭാവാഭിനയത്തിന്റെ മർമ്മങ്ങൾ. (കേരളത്തെ) തുടങ്ങിയ കലാരൂപങ്ങൾ പ്രവർത്തിപ്പിക്കുക. | ദീർഘകാലം നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി മാർച്ച് | വിവിധ നൃത്തരൂപങ്ങളെക്കുറിച്ച് കുട്ടികൾ അറിവ് നേടുന്നു | | ICT CDകൾ |
| 10 | സിനിമ എന്ന വിനോദ ഉപാധിയുടെ കലാമൂല്യം ഈ വളർച്ചയെക്കുറിച്ച് കുട്ടികൾക്ക് അറിവ് നേടുന്നതിന് | സിനിമ<br>നാടകവും സിനിമയും തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് സിനിമയുടെ വിവിധ മേഖലകളെ തിരിച്ചറിയുന്നു. സിനിമ നിർമ്മിക്കുന്നു. | ദീർഘകാലം നവംബർ ഡിസംബർ ജനുവരി ഫെബ്രുവരി മാർച്ച് | ഹ്രസ്വചിത്രങ്ങൾ ഉത്സവവേളകളിൽ സ്കൂളിൽ പ്രദർശിപ്പിക്കുന്നു | 1000 | |

# ആരോഗ്യ
# കായിക
# വിദ്യാഭ്യാസം

ആരോഗ്യ കായിക വിദ്യാഭ്യാസം

| നം. | പൊതുലക്ഷ്യം | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൗതികം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 1. | എല്ലാ കുട്ടികളും ആരോഗ്യം കൈവരിക്കുന്നതിന് | ആരോഗ്യമുള്ള ഒരു പുതുതലമുറയെ വളർത്തിയെടുക്കുന്നതിന് | വോളിബോൾ, ബാസ്കറ്റ്ബോൾ യോഗ ക്ലാസ്, Aerobic exercise, Recreation games എന്നിവ എല്ലാ ദിവസവും ചെയ്യിക്കും. | January to March | യോഗാമാറ്റ്, കായിക-വിദ്യാഭ്യാസ ക്ലബ്, Health Club | കായിക അദ്ധ്യാപകൻ | 5,000/- | അദ്ധ്യാപക രക്ഷാകർതൃ സമിതി. |
| | | | എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കാനുള്ള Activity നടപ്പിലാക്കും | January to March | Sports equipments | " | 5,000/ | സ്കൂൾ സ്റ്റാഫ് |
| | | | എല്ലാ കുട്ടികൾക്കും ഒരു മണിക്കൂർ നേരം, ദിവസവും മൂന്ന് ഗെയിമുകൾക്കുള്ള പരിശീലനം | June to March | Football, Volleyball, Basketball, Shuttle cork, Net cricket equipments | " | 5000/- | " |
| | | | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പ്രത്യേക ഗെയിമുകൾ | June to March | | " | | |

പഞ്ചവത്സര കായിക [illegible]

| നം. | പൊതുലക്ഷ്യം | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ഭൗതികം | ചുമതല | സാമ്പത്തികം | പിന്തുണ |
|---|---|---|---|---|---|---|---|---|
| 2. | കായിക മികവു-ള്ള കുട്ടികളെ സംസ്ഥാന, ദേശീയ തല-ത്തിലേക്ക് ഉയർത്തുന്നതിന് | സംസ്ഥാന, ദേശീയ തലത്തിലേക്കുള്ള കുട്ടികളുടെ മികവ് പ്രോത്സാഹിപ്പിക്കുക | sports and games-ൽ പ്രത്യേക കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകുന്നതാണ്. | July to November | Sports equipments, Sports coach | കായിക അദ്ധ്യാപകൻ | 20,000/- | PTA, school staff, Local body |
| 3. | നീന്തൽ പരിശീലനം | കുട്ടികളുടെ സ്വരക്ഷയ്ക്കും ആരോഗ്യത്തിനും | നീന്തൽ പരിശീലനം ലഭിച്ച കുട്ടികൾക്ക് പ്രത്യേക കോച്ചുകളുടെ സഹായ-ത്താൽ വിദഗ്ധ പരിശീ-ലനം. Revenue സംസ്ഥാന മത്സരങ്ങളിൽ താൽപര്യ-മുള്ളവർക്ക് നീന്തൽ പരിശീലനം. | July to November<br>Sept to october<br>3 months | Special Coaches | " | 10,000 | " |
| 4. | റെസ്‌ലിങ്, റോളർ സ്കേറ്റിങ്, ഫെൻസിംഗ്, കരാട്ടെ, ജൂഡോ, തായ്ക്വോണ്ടോ പരിശീലനം | " | കുട്ടികൾക്ക് സ്വരക്ഷയ്ക്കും ആരോഗ്യത്തിനും ആത്മവിശ്വാസത്തിനും | 3 months | " | " | 10,000 | " |

# ഐ. സി. ടി

# ഐ.സി.ടി

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | |
|---|---|---|---|---|---|---|
| 1 | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ഐ.സി.ടി പഠന വിഭവങ്ങൾ സ്കൂൾതലത്തിൽ തയ്യാറാക്കുക. ഇതിനായി സ്കൂൾതലത്തിൽ ഐ.സി.ടി ശില്പശാലകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ഐ.ടി പരിശീലനം നേടിയ അധ്യാപകർ | പിടിഎ<br>എം പി ടി എ<br>കൈറ്റ് | |
| 2 | നൂതന സാങ്കേതിക വിദ്യകളുടെ ദുരുപയോഗത്തെപ്പറ്റി വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക. | ആറു മാസം | ഐ.ടി പരിശീലനം നേടിയ അധ്യാപകർ | കൈറ്റ് | |
| 3 | സ്വതന്ത്ര സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള പ്രാപ്തി വിദ്യാർത്ഥി നേടുക. | ക്ലാസുകളിലും, ലാബുകളിലും പാഠപുസ്തക അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ചെയ്യുക. | അക്കാദമിക വർഷം | ഐ.ടി പരിശീലനം നേടിയ അധ്യാപകർ<br>ലിറ്റിൽ കൈറ്റ്സ് പരിശീലനം ലഭിച്ച കുട്ടികൾ. | കൈറ്റ് | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | |
|---|---|---|---|---|---|---|
| 4 | സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായി ഉപയോഗിക്കുക. | ഇതിനായി സ്കൂൾതലത്തിൽ ഐ.സി.ടി ശിൽപ്പശാലകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | ലിറ്റിൽ കൈറ്റ്സ് പരിശീലനം ലഭിച്ച കുട്ടികൾ. | കൈറ്റ് | |
| 5 | സ്വതന്ത്ര സോഫ്റ്റ്‌വെയർ ആയ ഉബണ്ടു 22.04 വിദ്യാർത്ഥികളുടെയും അധ്യാപകരുടെയും ഇടയിൽ പ്രചാരത്തിലാക്കുക. | ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സഹായത്തോടെ സ്വതന്ത്ര സോഫ്റ്റ്‌വെയർ ഇൻസ്റ്റാളേഷൻ നടത്തുക. | മൂന്നു മാസം | ഐ.ടി പരിശീലനം നേടിയ അധ്യാപകർ<br>ലിറ്റിൽ കൈറ്റ്സ് പരിശീലനം ലഭിച്ച കുട്ടികൾ. | പിടിഎ<br>എം പി ടി എ | |
| 6 | സ്കൂളിന്റെ അക്കാദമിക മികവുകളെയും സാഹചര്യങ്ങളെയും പറ്റി പൊതു സമൂഹത്തെയും വിദ്യാർത്ഥികളെയും ബോധവാന്മാരാക്കുക. | * സ്കൂൾ വിക്കി അപ്ഡേഷൻ കൃത്യമായി നടത്തുക.<br>* സ്കൂൾ പത്രം പ്രസിദ്ധീകരിക്കുക.<br>* ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുക. | അക്കാദമിക വർഷം | ലിറ്റിൽ കൈറ്റ്സ് പരിശീലനം ലഭിച്ച കുട്ടികൾ. | പൂർവ്വ വിദ്യാർത്ഥികൾ<br>മാനേജ്മെന്റ് | |